കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 15 | ഏപ്രിൽ 15 2024

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 യുനെസ്കോ അന്താരാഷ്ട്ര ഡിജിറ്റൽ പഠന ദിനം ആഘോഷിച്ചു

3 കാർഷിക സർവകലാശാലയിലെ സ്റ്റാർട്ടപ്പുകൾക്ക് അഞ്ച് കോടി രൂപയുടെ കേന്ദ്ര ധനസഹായം

5 ക്രോപ്പ് പ്രൊട്ടക്റ്റീവ് ഹെർബിസൈഡ് ആപ്ലിക്കേറ്റർ

# തൃശൂർ പൂരം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കുന്ന സ്റ്റാൾ പ്രവർത്തന സജ്ജമായി

തൃശ്ശൂർ പൂരത്തോട് അനുബന്ധിച്ച് തേക്കിൻകാട് മൈതാനത്ത് നടക്കുന്ന എക്സിബിഷൻ 2024ന് കൃഷിവകുപ്പിന്റെ , നേതൃത്വത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കുന്ന സ്റ്റാൾ പ്രവർത്തന സജ്ജമായി. തൃശ്ശൂർ ജില്ലാ കൃഷി ഓഫീസർ ശ്രീമതി. ഉഷ ഡാനിയൽ സ്റ്റാൾ ഉദ്ഘാടനം ചെയ്തു. കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും പരിചയപ്പെടുത്തുന്നതോടൊപ്പം അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ഇവിടെ നിന്ന് ലഭിക്കും. പവർ ടില്ലർ, പവർ വീഡർ, ബ്രഷ് കട്ടർ, ചാഫ് കട്ടർ ഉൾപ്പെടെയുള്ള യന്ത്രങ്ങൾ സ്റ്റാളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഡ്രോൺ ഉൾപ്പെടെയുള്ള നൂതന കാർഷിക സാങ്കേതിക വിദ്യകളെ കുറിച്ച് ഇവിടെ നിന്നും അറിയുവാൻ സാധിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ വിവിധ ഫാമുകളിൽ നിന്നുള്ള ഗ്രാഫ്റ്റ് , ലെയർ , ബഡ് ഫലവൃക്ഷതൈകളും കൂടാതെ പച്ചക്കറി തൈകളും പച്ചക്കറിവിത്തുകളും വാഴ വിത്തുകളും ജൈവ ജീവാണുവളങ്ങളും സ്റ്റാളിൽ നിന്നും ലഭിക്കുന്നതാണ്.സിന്ദൂരം, നീലൻ, ചന്ദ്രക്കാരൻ, അൽഫോൺസ, മൂവാണ്ടൻ, മല്ലിക എന്നീ മാവിനങ്ങളും തേൻവരിക്ക, തായ്‌ലൻഡ് ഇനത്തിലെ പ്ലാവിനങ്ങളും നാരകം, ചെറി, ചാമ്പ, ആത്ത,കുരുമുളക്, അലങ്കാര ചെടികൾ, ക്രിസ്മസ് ട്രീ എന്നിവയും വിപണനത്തിനായി ഒരുക്കിയിട്ടുണ്ട്. കേരളാ ഗ്രോ ബ്രാൻഡിലെ വിവിധ ഉൽപ്പന്നങ്ങളും സ്റ്റാളിൽ ലഭ്യമാണ്.അതിരപ്പിള്ളി ട്രൈബൽ വാലി പ്രൊജക്റ്റിന്റെ ഭാഗമായി ആദിവാസി കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് മൂല്യ വർധന ഉത്പന്നങ്ങൾ ആക്കിയ കാപ്പി, കുരുമുളക്, കുരുമുളക് പൊടി, ഏലം, ബ്ലാക്ക് ഡാമർ( തെള്ളി), മഞ്ഞൾ, മഞ്ഞക്കൂവ,ഈസ്റ്റ് ഇന്ത്യൻ ആരോറൂട്ട് സ്റ്റാർച്ച്,കാട്ടിഞ്ചി, കാട്ട് തേൻ, ചെറു തേൻ,കാട്ട് കുടംപുളി എന്നിവയും സ്റ്റാളിൽ ലഭ്യമാണ്. മണ്ണ് സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനായി മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ തെക്കുംപാട് നീർത്തട പദ്ധതിയുടെ മൈക്രോ വാട്ടർ ഷെഡ് മോഡൽ സജ്ജമാക്കിയിട്ടുണ്ട്.

ജൈവകീട നിയന്ത്രണത്തിനായുള്ള വിവിധ മാർഗങ്ങൾ സ്റ്റേറ്റ് ബയോകൺട്രോൾ ലാബിന്റെ നേതൃത്വത്തിൽ സ്റ്റാളിൽ സജ്ജമാക്കിയിട്ടുണ്ട്. കൃഷിയെ കുറിച്ച് കൂടുതൽ അറിയുന്നതിനായി കൃഷി ക്ഷീരവികസന മൃഗസംരക്ഷണ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ സൗജന്യമായി സ്റ്റാളിൽ ലഭ്യമാണ്.മലയാളത്തിലെ ആദ്യ കൃഷി മാസികയായ കേരള കർഷകൻ വരിക്കാരാകുന്നതിനുള്ള സൗകര്യവും സജ്ജീകരിച്ചിട്ടുണ്ട്. ചടങ്ങിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ മോളി പി എൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരായ സതീശൻ,അനിൽ, ശാന്തി എൻ,അപ്സര മാധവ്, സോയിൽ സർവേ ജില്ലാ ഓഫീസർ തോമസ് അനീഷ് ജോൺസൺ, സോയിൽ കോൺസെർവഷൻ ജില്ലാ ഓഫീസർ ബിന്ദു മേനോൻ എഫ് ഐ ബി ക്യാമ്പയിൻ ഓഫീസർ ഡോ. എസ്. ആർ മോഹനചന്ദ്രൻ നായർ എന്നിവർ പങ്കെടുത്തു. എല്ലാദിവസവും രാവിലെ 10 മുതൽ വൈകിട്ട് 8 വരെ ആയിരിക്കും സ്റ്റാളിന്റെ പ്രവർത്തനം.




ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# പെരുവണ്ണാമൂഴി കൃഷിവിജ്ഞാന കേന്ദ്രത്തിൽ ലോക വന ദിനം ആചരിച്ചു

പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ ലോക വന ദിനം ആചരിച്ചു. ഓയിസ്ക വിമൻസ് പേരാമ്പ്ര ചാപ്റ്റർ പ്രസിഡൻറ് ആർ. ഇന്ദുമതി വൃക്ഷ സ്നേഹി തേവർ കോട്ടയിൽ ബാബുവിനെ പൊന്നാട അണിയിച്ച് പരിപാടി ഉദ്ഘാടനം ചെയ്തു. കെ. വി. കെ പ്രോഗ്രാം ഓഫീസർ പി. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

ഡോ. കെ എം പ്രകാശ്, ഡോ. കെ. കെ ഐശ്വര്യ, ബാബു തേവർ കോട്ടയിൽ, ജയരാജ് ഉള്ളാട്ടിൽ എന്നിവർ പ്രസംഗിച്ചു. വൃക്ഷ തൈകളും നടീൽ വസ്തുക്കളും വിതരണം ചെയ്തു. തുടർന്ന് പരിശീലനങ്ങളും പ്രദർശനങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സാങ്കേതിക വാരാഘോഷത്തിന്റെ നാലാം ദിന പരിപാടികൾ നടന്നു.

മാറിയ കാലാവസ്ഥയ്ക്ക് അനുസരിച്ച് ജൈവ രീതിയിലുള്ള കൃഷി വിഷയത്തിൽ ക്ലാസും പരിശീലനവും നടത്തി. സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുകളായ ഡോ. കെ.എം പ്രകാശ്, ഡോ. കെ. കെ ഐശ്വര്യ, കെ വി കെ പ്രോഗ്രാം കോർഡിനേറ്റർ പി. രാധാകൃഷ്ണൻ

എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. കർഷകൻ കെ. ടി പത്മനാഭൻ ആവള തന്റെ കൃഷി അനുഭവങ്ങൾ ക്ലാസിൽ പങ്കു വെച്ചു.

സമാപന ദിനമായ ഇന്ന അലങ്കാര മത്സ്യകൃഷിയിലാണ് പരിശീലന പരിപാടികൾ.

# വിളകളെ വേനൽച്ചൂടിൽ നിന്നും സംരക്ഷിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

സംസ്ഥാനത്തെ താപനില അസാധാരണമാംവിധം വർദ്ധിച്ചുവരുന്നതായി റിപ്പോർട്ടുകൾ സ്ഥിരീകരിക്കുന്നു. താപനില ഏതാണ്ട് 40 ഡിഗ്രി എന്ന നിലയിലെത്തുകയും വേനൽമഴ ശുഷ്ക്കമാവുകയും ചെയ്തുകൊണ്ടിരിക്കുന്നത് മനുഷ്യർക്കെന്നതുപോലെ കാർഷികവിളകൾക്കും പ്രയാസകരമായ സാഹചര്യമാണ്. അന്തരീക്ഷ താപനിലയേക്കാൾ ഏതാണ്ട് ഒരു ഡിഗ്രിയിലധികമായിരിക്കും മണ്ണിന്റെ താപനിലയെന്നതും സ്ഥിതി ഗുരുതരമാക്കുന്നു. ഈ പശ്ചാത്തലത്തിൽ കാർഷികരംഗത്ത് അനുവർത്തിക്കാവുന്ന മുൻകരുതലുകളും പരിപാലന മുറകളും പ്രതിപാദിക്കുന്നു.

കാർഷിക പ്രവർത്തനങ്ങൾ പകൽ 12 മുതൽ 3 വരെയുള്ള സമയത്ത് ഒഴിവാക്കേണ്ടതാണ്. രാസകീടനാശിനികൾ ഒരു കാരണവശാലും ഈ സമയത്ത് പ്രയോഗിക്കാൻ പാടുള്ളതല്ല.

ഭൂമിക്ക ആവരണം എന്ന നിലയ്ക്ക് ഉണങ്ങിയ തെങ്ങോലകൾ, തൊണ്ട്, വിള അവശിഷ്ടങ്ങൾ എന്നിവ ഉപയോഗിച്ച് പുതയിടുന്നത് ഏറ്റവും അവശ്യം അനുവർത്തിക്കേണ്ടതാണ്. മണ്ണിലുള്ള ഈർപ്പം നഷ്ടപ്പെടാതിരിക്കുന്നതിന് സഹായകരമാകുന്ന വിധം ഒരു പുതപ്പിന്റെ ധർമ്മം നിർവ്വഹിക്കുകയാണ് ഇത് ചെയ്യുന്നത്. ബാഷ്പീകരണം മൂലം ജലം നഷ്ടപ്പെട്ടുപോകുന്നതും ഇതുമൂലം പരിമിതപ്പെടുന്നു. ജൈവാവശിഷ്ടങ്ങൾ ഒരു കാരണവശാലും കത്തിക്കരുത്. തീയിടുന്നത് അന്തരീക്ഷ താപനിലയും മണ്ണിലെതാപനിലയും ക്രമാതീതമായി ഉയരുന്നതിനും അനുബന്ധ പ്രശ്നങ്ങൾക്കും ഇടയാക്കും. ചപ്പുചവറുകൾ പുതയിടീലിനായി മാത്രം ഉപയോഗിക്കുക.

വേനൽക്കാല ഉഴവ് :-മേൽമണ്ണ് ചെറുതായി ഇളക്കിയിടുന്നത് വേനൽമഴയിൽ നിന്നും ലഭിക്കുന്ന ജലം മണ്ണിൽതന്നെ സംഭരിച്ച് നിർത്താനുള്ള നല്ലൊരുമാർഗ്ഗമാണ്. ഇതിനായി തെങ്ങിൻ തോപ്പുകളിലും മറ്റും വേനൽക്കാലഉഴവ് അനുവർത്തിക്കാം. വേനൽമഴ ലഭിച്ചതിനുശേഷം പയർ



വർഗ്ഗവിളകൾ വിതയ്ക്കുന്നതും ഏറെ ഗുണം ചെയ്യും.

## വിവിധ വിളകൾക്കുള്ള പ്രത്യേക ശുപാർശകൾ

### 1. നെല്ല്

ജലലഭ്യത കുറവുള്ള പാടശേഖരങ്ങളിൽ പാടത്ത് എപ്പോഴും വെള്ളം കെട്ടിനിർത്തുന്ന ജലസേചനരീതി ഒഴിവാക്കണം. നട്ട് ഒരാഴ്ചകഴിഞ്ഞ് ചിനപ്പ് പൊട്ടിത്തുടങ്ങുന്നതുവരെ വെള്ളംകെട്ടിനിർത്തുകയും പിന്നീട്, തലനാരിഴ വലിപ്പത്തിലുള്ള ചെറിയ വിളളലുകൾ പ്രത്യക്ഷപ്പെട്ട് തുടങ്ങുമ്പോൾ മാത്രം അടുത്ത നന നൽകുക എന്ന രീതിയുമാണ് അഭികാമ്യം. എന്നാൽ മണ്ണ് വരണ്ട് ഉണങ്ങുവാൻ അനുവദിക്കരുത്.

നെല്ലിൽകതിർ നിരക്കുന്ന സമയത്തുണ്ടാകുന്ന വരൾച്ച ഉത്പാദനത്തെ കാര്യമായി ബാധിക്കുമെന്നതിനാൽ സൾഫേറ്റ്ഓഫ് പൊട്ടാഷ് (5 ഗ്രാം/1 ലിറ്റർവെള്ളം), ബോറോൺ (2 ഗ്രാം/ 1 ലിറ്റർവെള്ളം), സാലിസിലിക്ആസിഡ് (50 മില്ലിഗ്രാം/ 1 ലിറ്റർവെളളം) എന്നിവയിൽ ഏതെങ്കിലുമൊന്ന് തളിച്ച് കൊടുക്കുന്നത് വരൾച്ചയെ പ്രതിരോധിക്കാൻ സഹായകമാണ്.

### 2. വാഴ

- വാഴച്ചുവട് കരിയിലയോ മറ്റും ജൈവവസ്തുക്കളോ വിള അവശിഷ്ടങ്ങളോ ഉപയോഗിച്ച് പുതയിടുക.
- കണികജലസേചന രീതി (12 ലിറ്റർ / ഒരു ദിവസം/വാഴയൊന്നിന്) അവലംബിക്കുക
- വരൾച്ച പ്രതിരോധിക്കാൻ വാഴയിലകളിൽ സൾഫേറ്റ് ഓഫ് പൊട്ടാഷ് (5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) രണ്ടാഴ്ച ഇടവേളകളിൽ തളിച്ചു കൊടുക്കാവുന്നതാണ്.
- വേനൽക്കാലത്ത് വാഴയിലയിൽഇലപ്പേനിന്റേയും മണ്ഡരിയുടേയും ആക്രമണത്തിനു സാധ്യതയുണ്ട്. എങ്കിൽഇലയുടെഅടിവശത്ത് വീഴത്തക്ക രീതിയിൽഹോർട്ടിക്കൾച്ചർ മിനറൽഓയിൽ 25 മില്ലി ഒരു ലിറ്റർവെള്ളത്തിൽകലക്കിതളിയ്ക്കാം. വെറ്റബിൾസൾഫർ 2 ഗ്രാം 1 ലിറ്റർ വെള്ളത്തിൽകലക്കിതളിയ്ക്കുന്നതും മണ്ഡരിക്കെതിരെ ഫലപ്രദമാണ്.



## പൊതുവായവിള പരിപാലന നിർദ്ദേശങ്ങൾ

തെങ്ങിന് നന തുടരണം. മഴ ലഭിക്കുന്നതോടെതോട്ടംകിളച്ചോ, ഉഴുതോ പച്ചില വളച്ചെടികളുടെവിത്തു പാകാം. കാട്ടുചണമ്പ്, പയർ, കിലുക്കിഎന്നിവയെല്ലാം തെങ്ങിൻതോപ്പിലേക്ക് യോജിച്ച പച്ചില വളച്ചെടികളാണ്. മഴ ശക്തിപ്പെടുന്നതിനു മുമ്പ് ചെടികൾക്ക് ഒരു വിധം വളർച്ചയായാൽ കനത്ത മഴയത്തും അവ നശിച്ചു പോവുകയില്ല. ഏകദേശം 20 മുതൽ 25 കിലോഗ്രാം വിത്തുകൊണ്ട് ഒരു ഹെക്ടർസ്ഥലത്ത് വിതയ്ക്കാൻ കഴിയും. ഹെക്ടർഒന്നിന് 5 മുതൽ 8 ടൺ വരെപച്ചില വളംലഭിക്കും. ഓഗസ്റ്റ്മാസത്തിൽചെടികൾ പൂക്കുവാൻ തുടങ്ങുന്ന സമയത്ത് പച്ചില വളച്ചെടികൾ ഉഴുതുചേർക്കുകയോ പറിച്ച്തടങ്ങളിൽഇടുകയോചെയ്യാം.

ഈ മാസവുംവിത്ത്തേങ്ങ പാകാം. നല്ല നീർവാർച്ചയുള്ളതും അധികം തണലില്ലാത്തതുമായ സ്ഥലത്തുവേണംവിത്തുതേങ്ങ പാകേണ്ടത്.വെള്ളംവറ്റിയതും കാമ്പ് ചീഞ്ഞതുമായതേങ്ങകൾ ഒഴിവാക്കണം. മുകളറ്റംവെളിയിൽകാണത്തക്കവിധം വേണംവിത്തുതേങ്ങകൾ നടാൻ. മഴയില്ലെങ്കിൽആഴ്ചയിൽഒന്നോരണ്ടോതവണ നനയ്ക്കണം. ഉണങ്ങിയതെങ്ങോലയോമറ്റോമുകളിൽവിരിച്ച്ഈർപ്പം നിലനിർത്താം. പാകിഅഞ്ചുമാസത്തിനകം നല്ല വിത്തുതേങ്ങകൾ എല്ലാംമുളയ്ക്കും. ആറുമാസംകൊണ്ടുംമുളയ്ക്കാത്തതുംമുളയ്ക്ക്തീരെകരുത്തില്ലാത്തതുമായതേങ്ങകൾ തവാരണകളിൽ നിന്ന് നീക്കംചെയ്യണം.

അന്തരീക്ഷ ഊഷ്മാവ്കൂടി വരുന്ന സാഹചര്യത്തിൽതടങ്ങളിൽഈർപ്പം നിലനിർത്തുന്നതിനായി പച്ചയോഉണങ്ങിയതോ ആയ ചകിരിയിട്ട്മൂടുന്നത് നല്ലതാണ്. തെങ്ങിന്റെചുവട്ടിൽ നിന്ന്മൂന്ന്മീറ്റർഅകലത്തിൽവരികൾ



ക്കിടയിൽചാല്വകീറിയോ, ഓരോതെ ങ്ങിന്റെകടയ്ക്ക്ചുറ്റുംതടിയിൽ നിന്നും രണ്ട് മീറ്റർഅകലത്തിൽ വട്ടത്തിൽ ചാലുകൾഎടുത്തോ, അതിൽചകിരി നിരത്തിയശേഷംമണ്ണിട്ടുമൂടാം. ചകി രിയുടെകുഴിഞ്ഞ ഉൾഭാഗംമുകളിലേ യ്ക്ക്വരത്തക്കവിധത്തിലാണ്ചകിരി ചാലുകളിൽഅടുക്കേണ്ടത്. ഇതിന് മുകളിൽമണ്ണിട്ടുമൂടണം.

ഒട്ടു മാവിൻ തൈകളുടെ കൊമ്പു കളിൽ ചിലത് പെട്ടെന്ന്ഉണങ്ങിക രിഞ്ഞു പോകുന്നതായി പലയിടങ്ങളി ലും കണ്ടു വരുന്നുണ്ട്. കൊമ്പുണക്കം എന്ന രോഗമാണിത്. കൊമ്പുകൾ അറ്റത്തു നിന്ന്താഴേക്ക് ഉണങ്ങു ന്നതാണ് ലക്ഷണം. രോഗഹേതു ഒരുകുമിളാണ്. ഉണക്ക്എവിടംവരെ യായിട്ടുണ്ടോഅതിന് ഒരിഞ്ച്താഴെ വച്ച്മൂർച്ചയുള്ളകത്തികൊണ്ട് കൊമ്പു മുറിച്ചുമാറ്റികത്തിച്ചു കളയണം. എന്നി ട്ട്ബോർഡോമിശ്രിത കുഴമ്പ് പുരട്ടണം .100ഗ്രാം നീറ്റു കക്ക അര ലിറ്റർവെള്ള ത്തിൽകലക്കുക. അതുപോലെതന്നെ 100 ഗ്രാംതുരിശും അര ലിറ്റർവെള്ള ത്തിൽവേറെയായികലക്കിയെടുക്കുക. നീറ്റുകക്ക ലയിപ്പിച്ച വെള്ളത്തിലേക്ക് തുരിശ് ലായനി ചേർത്ത് ലയിപ്പിച്ചെ ടുക്കുന്നതാണ് ബോർഡോമിശ്രിത കുഴമ്പ്..കൂടാതെഒരു ശതമാനം വീ ര്യത്തിൽതയ്യാറാക്കിയബോർഡോ മിശ്രിതംമരം മുഴുവൻ നനയത്തക്ക വിധം തളിക്കുന്നതും നല്ലതാണ്. ഒരു ശതമാനം വീര്യമുള്ളബോർഡോ മിശ്രിതം (10 ലിറ്റർ) തയ്യാറാക്കുന്നതി ന് 100 ഗ്രാം നീറ്റുകക്ക 5 ലിറ്റർവെള്ള ത്തിൽകലക്കുക. 100 ഗ്രാംതുരിശ്വേ റെ 5 ലിറ്റർവെള്ളത്തിൽകലക്കുക. എന്നിട്ട്തുരിശുലായനി കക്കലായനി യിലേക്ക്കുറേശ്ശെചേർത്ത് ഇളക്കുക. സ്യൂഡോമോണാസ് എന്ന ബാക്ടീരിയ യുടെപൊടി 20 ഗ്രാം ഒരു ലിറ്റർവെള്ള ത്തിൽഎന്ന തോതിൽഇടയ്ക്ക്കലക്കി തളിക്കുന്നതും നല്ലതാണ്.

പുഴുവില്ലാത്ത മാമ്പഴം കിട്ടാനായി ഒരു ബക്കറ്റ്തിളച്ച വെള്ളവും , മുക്കാൽ ബക്കറ്റ് സാധാരണഊഷ്മാവിൽ ഉള്ള വെള്ളവുംകൂട്ടിചേർത്തതിൽലിറ്ററിന് 1 ഗ്രാംവീതംകറിയുപ്പ്ചേർത്ത്വെയ്ക്കുക. പറിച്ചെടുത്ത വിളഞ്ഞ മാങ്ങ ഈ ലാ യനിയിൽ15 മിനിറ്റോളംമുക്കിവയ്ക്കുക. അതിന് ശേഷം മാങ്ങ പുറത്തെടു ത്ത്വെള്ളത്തിൽകഴുകിതുടച്ചതിനു ശേഷം പാക്ക്ചെയ്യുകയോ, പഴുപ്പി ക്കാൻ വെയ്ക്കുകയോചെയ്താൽപുഴുവി ല്ലാത്ത മാമ്പഴം കഴിക്കാവുന്നതാണ്.

വാഴയിൽഇലപ്പുള്ളിരോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാംസ്യൂ ഡൊമോണാസ് ഒരു ലിറ്റർവെള്ള ത്തിൽചേർത്ത്കുളിർക്കെ തളിക്കുക.

അന്തരീക്ഷ ഊഷ്മാവ്കൂടിവരു ന്നതിനാൽപച്ചക്കറിവിളകളിൽവെള ളീച്ച, മീലിമൂട്ട പച്ചത്തുള്ളൻ, മുതലായ പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായിആഴ്ച യിലൊരിക്കൽ 2% വീര്യമുള്ളവേപ്പെ ണ്ണവെളുത്തുള്ളിമിശ്രിതംതളിക്കുക.

വിളകളിലെകീടനിയന്ത്രണത്തി ന് കഴിവതുംജൈവകീടനാശിനികൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക. ജൈവകീടനാശിനികൾ തയ്യാറാക്കി അന്നുതന്നെ ഉപയോഗിക്കുന്നതാണ് നല്ലത്. അതായത്ഓരോദിവസത്തെ യുംആവശ്യത്തിനുള്ളതുമാത്രംതയ്യാറാ ക്കുക. പുകയിലകഷായം, വേപ്പിൻകുരു മിശ്രിതം, വേപ്പെണ്ണ വെളുത്തുള്ളി മി ശ്രിതംഎന്നിവ നല്ല ജൈവകീടനാശി നികളാണ്.

# അറിയിപ്പ്

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽകാർഷിക പ്രസിദ്ധീകര ണങ്ങളും, കല്പധേനു എന്ന കാർഷികസർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെ ടേണ്ടഫോൺ നമ്പർ : 0487-2370773
2. കേരള കാർഷിക സർവകലാശാലയുടെകീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽപ്രവർത്തിച്ചുവcpന്ന ഭക്ഷ്യ സംസ്ക രണശാലയിൽ പഴങ്ങളും പച്ചക്കറികളുംസംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾകൊണ്ടുള്ളകൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾവിവിധ തരം അച്ചാറുകൾ, ജാം, പഴംഹൽവ, ചില്ലിസോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തുകൊടുക്കുന്നതാണ്.

**നിബന്ധനകൾ**

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപര്യമുള്ള ഉൽപ്പന്നമോ അസംസ്കൃതവസ്തുവിന്റെഗുണനിലവാരംഅനുസരിച്ച്വിപണന സാധ്യതയു ള്ളഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ടിവസ്തുക്കളുടെവിലയുംകൂലിച്ചിലവുംകർഷകർഅടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ളവസ്തുക്കൾകർഷകർകൊണ്ടുവന്നാൽഅതിൽ പാക്ക്ചെയ്തും നൽകും.
5. കേരളകാർഷികസർവകലാശാലയുടെപേരിൽഇത്വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർതന്നെ അവcp ടെസ്ഥാപനപേരിൽവിപണനം ചെയ്യേണ്ടതാണ്.

കൂടുതൽവിവരങ്ങൾക്ക്0487-2370773, 8089173650 എന്നീഫോൺ നമ്പറുകളിലോ ccmannuthy@kau.inഎന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്;

# നീര് വീക്കം നിയന്ത്രിക്കുന്നതിനുള്ള ജൈവ രാസ ഘടകങ്ങൾ വേർതിരിക്കുന്ന പ്രക്രിയയ്ക്ക് പേറ്റന്റ്

കേരളത്തിൽ മിക്കവാറും ജില്ലകളിൽ, ചതുപ്പുകളിലും വയലുകളിലും കാണപ്പെടുന്ന വാതംവരട്ടി (Artanema sesamoides) എന്ന ചെടിയിൽ നിന്നും phenylpropanoid glycosides വിഭാഗത്തിൽപ്പെടുന്ന, ഉയർന്ന ഔഷധമൂല്യമുള്ള രാസസംയുക്തങ്ങൾ വേർതിരിക്കുന്നതിനുള്ള പ്രക്രിയയ്ക്ക് കേരള കാർഷിക സർവ്വകലാശാലയ്ക്ക് ഇൻഡ്യൻ പേറ്റന്റ് ലഭിച്ചു.



അസ്ഥി സംബന്ധമായതും പേശി സംബന്ധമായതുമായ നീരുവീക്കത്തിനു നാട്ടുവൈദ്യത്തിലും ആയുർവേദത്തിലും ഉപയോഗത്തിലുള്ള ഒരു ഔഷധ സസ്യമാണിത്. ഈ സസ്യത്തിൻറെ വേരുകൾ, ഇലകൾ, വിത്തുകൾ എന്നിവ വാതരോഗം ഉൾപ്പെടെയുള്ള രോഗങ്ങൾ സുഖപ്പെടുത്തുന്നതിന് ഔഷധമായി ഉപയോഗിക്കുന്നുണ്ടെങ്കിലും, അതിന്റെ രോഗശമന സ്വഭാവത്തിന് നിദാനമായ സജീവ ഘടകങ്ങളും അതിന്റെ പ്രവർത്തന രീതിയും പഠനവിധേയമാക്കിയിട്ടുണ്ടായിരുന്നില്ല. വേരും ഇലയും ഔഷധ ഗുണങ്ങളുള്ള ഫിനൈൽപ്രോപ്പനോയിഡ് വിഭാഗത്തിൽപ്പെടുന്ന ജൈവരാസ സംയുക്തങ്ങളാൽ സംമ്പുഷ്ടമാണ്.

ആക്റ്റിയോസൈഡ് (Acteoside), അർട്ടാമിനോസൈഡ് എ/ ട്രൈക്കോസാന്തോസൈഡ് എ (Artanemoside A/ Trichosanthoside A) എന്നീ രാസ ഘടകങ്ങൾ ശുദ്ധമായ സംയുക്തങ്ങളായി വേർതിരിച്ചെടുക്കുന്ന പ്രക്രിയക്കാണ് പേറ്റൻറ് ലഭിച്ചത്. ഉയർന്ന നിരോക്സീകരണ ശേഷിയും നീര് നിയന്ത്രണ ശേഷിയും അണുബാധ നിയന്ത്രണ ശേഷിയും ഉള്ളവയാണ് ഈ ജൈവ രാസ സംയുക്തങ്ങൾ. ഇതിൽ ആക്റ്റിയോസൈഡ് കരളിനെ സംരക്ഷിക്കുന്നതും, നീര് നിയന്ത്രിക്കുന്നതും, കാൻസർ കോശങ്ങളെ പ്രതിരോധിക്കുന്നതുമാണെന്ന മുൻശാസ്ത്രീയ പഠനങ്ങളിൽ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

ആക്റ്റിയോസൈഡ് ഉൾപ്പെടെയുള്ള ഫെനൈലെത്തനോയിഡ് ഗ്ലൈക്കോസൈഡുകൾ ന്യൂറോട്രോപിന്റെ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

പേറ്റന്റിനു ആധാരമായ പഠനങ്ങൾ വഴി ഈ സസ്യത്തിന്റെ ഔഷധ പ്രഭാവം സ്ഥിരീകരിക്കുകയും, ഇതിൽ പ്രധാനമായ രാസ ഘടകങ്ങളുടെ അളവ് നിർണയിക്കുകയും, വേർതിരിച്ചെടുക്കാനുള്ള രീതികൾ വികസിപ്പിക്കുകയും, ഇങ്ങനെ വേർതിരിച്ചെടുത്ത സംയുക്തങ്ങളുടെ പ്രവർത്തന രീതി ഫാർമക്കോളജിക്കൽ പഠനങ്ങൾ വഴി സ്ഥിരീകരിക്കുകയും ചെയ്തു. ഇലയിൽ നിന്നും വേരിൽ നിന്നും ഈ രാസഘടകങ്ങൾ വേർതിരിക്കുവാൻ വികസിപ്പിച്ചെടുത്ത രീതികൾ വ്യത്യസ്തമാണ്. ഈ രണ്ടു ഘടകങ്ങളും സ്റ്റഫിലോകോക്കസ് ഓറിയസ്, ക്ലെബ്സിയെല്ല ന്യൂമോണിയ, ഇ-കോളി തുടങ്ങിയ രോഗകാരികളായ ബാക്ടീരിയകളെ നിയന്ത്രിക്കാൻ ശേഷിയുള്ളതുമാണെന്ന് ഇതോടനുബന്ധിച്ച പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്.

ഈ രണ്ടു രാസസംയുക്തങ്ങൾ വേർതിതിരിച്ച ഒറ്റക്കോ മിശ്രിതമായോ മറ്റു വ്യത്യസ്തങ്ങളായ പ്രവർത്തന രീതികളുള്ള ജൈവസംയുക്തങ്ങളുമായോ ചേർത്തു നീരുസംബന്ധമായും മുറിവുണക്കുന്നതിനും നിലവിൽ തെളിയിക്കപ്പെട്ടിട്ടുള്ള ഔഷധഗുണകൾക്കായും ചികിത്സാമേഖലയിൽ ഉപയോഗിക്കാവുന്നതാണ്.

കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഓടക്കാലിയിലുള്ള സുഗന്ധ തൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിലാണ് ഇത് സംബന്ധിച്ച ഗവേഷണത്തിന് നേതൃത്വം നൽകിയത്. ഡോ. ആൻസി ജോസഫ്, ഡോ. സാമുവേൽ മാത്യു, ഡോ. എ.എം ചന്ദ്രശേഖരൻ നായർ എന്നിവരാണ് ഗവേഷകർ.

# തൃശ്ശൂർ പൂരം പ്രദർശനത്തിലെ കാർഷിക സർവകലാശാല പവലിയൻ ഉദ്ഘാടനം ചെയ്തു



തൃശ്ശൂർ പൂരം പ്രദർശനത്തിലെ കാർഷിക സർവകലാശാല പവലിയൻ രജിസ്ട്രാർ ഡോ.എ.സക്കീർ ഹുസ്സൈൻ ഉദ്ഘാടനം ചെയ്തു. സർവ്വകലാശാല പുറത്തിറക്കിയ നൂതന സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പവലിയൻ കാർഷിക സർവകലാശാലയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന സർവ്വകലാശാലയ്ക്ക് കീഴിലുള്ള വിവിധ ഗവേഷണ, വിദ്യാഭ്യാസ, വിജ്ഞാന വ്യാപന സ്ഥാപനങ്ങളുടെ സ്റ്റാളുകൾ ഉൾക്കൊള്ളുന്നതാണ്.

ജലക്ഷാമം രൂക്ഷമാകുന്ന ഈ കാലത്ത് ജല സംരക്ഷണത്തിന്റെ വിവിധ മാതൃകകളായ ഡ്രിപ്പ് ഇറിഗേഷൻ സാങ്കേതികവിദ്യയുടെ ഡെമോൺസ്ട്രേഷൻ യൂണിറ്റും ,റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ് യൂണിറ്റും പ്രദർശനത്തിനുണ്ട്. സർവ്വകലാശാല പുറത്തിറക്കിയ നൂറിലേറെ വിത്തിനങ്ങളുടെ ശേഖരവും പ്രദർശനത്തിലുണ്ട്.നെല്ലിൻറെ ജൈവവൈവിധ്യം വിളിച്ചോതുന്ന അറുപതിൽ പരം നെല്ലിനങ്ങൾ പവലിയനിൽ കാണാം. കാർഷിക മേഖലയിൽ പ്രചാരം നേടുന്ന ഡ്രോൺ സാങ്കേതികവിദ്യയുടെ പ്രദർശനവും കർഷക അദ്ധ്വാനം ലഘൂകരിക്കുന്ന വിവിധ കാർഷിക സർവ്വകലാശാല വികസിപ്പിച്ച വിവിധ കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും പവലിയനിൽ ഒരുക്കിയിട്ടുണ്ട്.

വാഴ,കൊക്കോ , കശുവണ്ടി തുടങ്ങിയവയിൽ നിന്നും ഉത്പാദിപ്പിക്കുന്ന നൂറിൽപരം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ പ്രദർശനത്തിന്റെ പ്രത്യേകതയാണ്. വിവിധയിനം തൈകളും വിത്തുകളും വാങ്ങുന്നതിനുള്ള സൗകര്യവും പവലിയനിലുണ്ട്. കാർഷിക സർവ്വകലാശാലക്കു കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെൻറർ ,സെൻട്രൽ നഴ്സറി, കൊക്കോ ഗവേഷണ കേന്ദ്രം, വാഴ ഗവേഷണ കേന്ദ്രം, കശുമാവ് ഗവേഷണ കേന്ദ്രം ,കാർഷിക ഗവേഷണ കേന്ദ്രം, അഗ്രി ബിസിനസ് ഇൻക്യൂബേറ്റർ, വനശാസ്ത്ര കോളേജ്, കാർഷിക കോളേജ്, തവനൂർ എൻജിനീയറിങ് കോളേജ്, എഐസിആർപി ഓൺ മെഡിസിനൽ പ്ലാൻറ്സ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി തുടങ്ങിയ സ്ഥാപനങ്ങൾ പ്രദർശനത്തിൽ പങ്കെടുക്കുന്നുണ്ട്.

സർവകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ.ജേക്കബ് ജോൺ സ്വാഗതം പറഞ്ഞ ചടങ്ങിൽ കമ്മ്യൂണിക്കേഷൻ സെന്റർ മേധാവി ഡോ.സുനിൽ വി.ജി നന്ദി പറഞ്ഞു.

# ഇടവിളയാക്കാം മണിച്ചോളം

**വിഷ്ണു എസ്.പി.**
അഗ്രികൾച്ചറൽ ഓഫീസർ
ഫാം ഇൻഫർമേഷൻ ബ്യൂറോ

കാലാവസ്ഥാ അനുരൂപ കൃഷി മാതൃകകളിൽ ചെറു ധാന്യങ്ങളുടെ പ്രാധാന്യം ഇതിനകം തന്നെ നമ്മൾ തിരിച്ചറിഞ്ഞിട്ടുള്ള വസ്തുതയാണ്. പ്രത്യേകിച്ചും വരണ്ട കാലാവസ്ഥയിൽ നന്നായി വിളയിച്ചെടുക്കുവാൻ പറ്റിയ ധാന്യ വിളകളാണ് മില്ലെറ്റസ് അഥവാ ചെറു ധാന്യങ്ങൾ. ചെറു ധാന്യങ്ങളുടെ കൂട്ടത്തിൽ കേരളത്തിലെ കാലാവസ്ഥയിൽ ഏറെ അനുയോജ്യമായ ഒരു വിളയാണ് ജോവർ എന്ന പേരിൽ അറിയപ്പെടുന്ന മണിച്ചോളം. ഇതിന്റെ മറ്റൊരു പ്രത്യേകത നമ്മുടെ തെങ്ങിൻ തോപ്പുകളിൽ ഇടവിളയായും വളർത്തിയെടുക്കാമെന്നതാണ്. പുരയിട കൃഷിയിൽ അധിഷ്ഠിതമായ കേരളത്തിലെ കാർഷിക വ്യവസ്ഥയ്ക്ക് എന്തുകൊണ്ടും അനുയോജ്യമായ ഒരു ആദായ വിള തന്നെയാണ് മണിച്ചോളം.

അരി പോലെ തന്നെ ഉമി കളഞ്ഞ് വേവിച്ച് കഴിക്കാവുന്ന മണിച്ചോളം മറ്റു പല ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്ന ഒരു ഔഷധ ധാന്യം കൂടിയാണ്. പച്ചയും ഉണങ്ങിയതുമായ മണിച്ചോള ചെടികൾ മുറിച്ചെടുത്ത് കാലി തീറ്റയായും ഉപയോഗിക്കാം. ഗ്ലൂട്ടൺ മുക്തമായ മണിച്ചോളം ഒരു ആരോഗ്യ ഭക്ഷണം കൂടിയാണ്. അതുകൊണ്ടുതന്നെ ഗോതമ്പിനും അരിക്കും പകരക്കാരനായി ഇതിനെ ഉപയോഗിക്കാം. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കാൻ കഴിവുള്ള ഈ ധാന്യം നാരുകളാൽ സമ്പുഷ്ടവുമാണ്. കൂടാതെ കാൽസ്യം, ചെമ്പ്, മഗ്നീഷ്യം, ഇരുമ്പ് എന്നിവയും ധാരാളമായി അടങ്ങിയിരിക്കുന്നു. മണിച്ചോളത്തിൽ നല്ല അളവിൽ വിറ്റാമിൻ B-3 യും അടങ്ങിയിട്ടുണ്ട്. ഇതിലെ ടാന്നിന്റെ സാന്നിധ്യം ശരീരത്തിലെ അന്നജത്തെ ആഗിരണം ചെയ്യുന്ന എൻസൈമുകളുടെ ഉൽപാദനത്തെ തടയുന്നതിനാൽ ഇൻസുലിൻ നിയ



ന്ത്രണത്തിനും സഹായിക്കുന്നു. ഇത്തരത്തിൽ ഒരു സർവ്വാരോഗ്യ ഭക്ഷണമായി മണിച്ചോളത്തെ കണക്കാക്കാം.

## കൃഷി രീതി

വിത്ത് നേരിട്ട് വിതച്ചോ, പറിച്ചു നട്ടോ മണിച്ചോളം കൃഷി ചെയ്യാം.CO-1, CO-10, CSH-1, CSH-2 എന്നിവ മികച്ച ഇനങ്ങളാണ്. കൃഷിക്കായി മണ്ണ് ഉഴുത് കട്ടകളുടച്ച് നല്ല ജൈവവളം അടിവളമായി ചേർത്ത് വിത്ത് വിതയ്ക്കാവുന്നതാണ്. പറിച്ചു നടുമ്പോൾ സെന്റിന് 25 കി. ഗ്രാം ജൈവവളം കൂട്ടിച്ചേർത്ത് വാരങ്ങൾ എടുത്തുവേണം നഴ്സറി തയ്യാറാക്കേണ്ടത്. മൂന്നാഴ്ച വളർച്ചയെത്തിയ തൈകൾ പ്രധാന കൃഷിയിടത്തിലേക്ക് മാറ്റി നടാവുന്നതാണ്. മഴക്കാലത്തും, ജലസേചന സൗകര്യമുള്ള ഇടങ്ങളിൽ വേനൽ വിളയായും മണിച്ചോളം കൃഷി ചെയ്യാം. തവാരണകളിലും വിത്തുകൾ പാകി പറിച്ചു നടാവുന്നതാണ്. തൈകൾ നടുമ്പോൾ വരികൾ തമ്മിൽ 45 cm അകലവും ചെടികൾ തമ്മിൽ 15 cm അകലവും പാലിക്കണം. പ്രധാന കൃഷിയിടത്തിൽ നടുന്നതിനുമുൻപ് സെന്റൊന്നിനു 20 മുതൽ 40 കി ഗ്രാം വരെ ജൈവവളം അടിവളമായി ചേർക്കണം. സെന്റ് ഒന്നിന് 400 ഗ്രാം യൂറിയ, 550 ഗ്രാം രാജ്ഫോസ്, 170 ഗ്രാം പൊട്ടാഷ് എന്നിവയും നൽകണം. പത്തു ദിവസത്തിലൊരിക്കൽ ജലസേചനം നൽകണം. മൂന്നര മുതൽ 4 മാസം വരെയാണ് കാലാവധി.

കതിരുകൾ വിളയുന്നതിൽ കാലവ്യത്യാസം ഉള്ളതിനാൽ വിളയുന്നവ മുറിച്ചെടുക്കുന്ന രീതിയാണ് വിളവെടുപ്പിൽ ഉത്തമം. കതിർക്കുലകൾ നന്നായി മെതിച്ച് ഉണക്കി സൂക്ഷിക്കാം. മെതിക്കുന്നതിനുള്ള യന്ത്രങ്ങളും ഇപ്പോൾ ലഭ്യമാണ്. നെല്ലിന്റെ വൈക്കോലിനെക്കാൾ പോഷകാംശമുള്ളതാണ് മണിച്ചോളത്തിന്റെ വൈക്കോൽ. കാലിത്തീറ്റയ്ക്ക് മാത്രമായും മണിച്ചോളം കൃഷി ചെയ്യാറുണ്ട്. ഇത്തരത്തിൽ കാലിത്തീറ്റയ്ക്കായി കൃഷി ചെയ്യുമ്പോൾ ചെടികൾ പുഷ്പിക്കുന്നതിന് മുൻപ് തന്നെ വിളവെടുക്കേണ്ടതാണ്. കാലിത്തീറ്റ ഉണക്കി സൂക്ഷിച്ച് ഉപയോഗിക്കാവുന്നതാണ്.

മണിച്ചോളം കൊണ്ട് നമുക്ക് ധാരാളം രുചി വിഭവങ്ങൾ തയ്യാറാക്കാം.

സാധാരണ ഭക്ഷണങ്ങളായ ഇഡ്ഡലി, ദോശ, പുട്ട് എന്നിവയെല്ലാം മണിച്ചോളം കൊണ്ട് തയ്യാറാക്കാം. ഇഡ്ഡലി, ദോശ എന്നിവ തയ്യാറാക്കാൻ 2: 1 അനുപാതത്തിൽ മണിച്ചോളവും അരിയും ഉപയോഗിക്കാം. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്യുമ്പോൾ ഹെക്ടറിന് 2 ടൺ വരെ വിളവ് പ്രതീക്ഷിക്കാം, 5 ടൺ വരെ കാലിത്തീറ്റയും ലഭിക്കും.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Asha S. Kumar, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh